Uncorrected/Not for publication

01-07-2026

Walkout Speech – Hon. Opposition Leader

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പരാമർശിച്ചതിനെ സംബന്ധിച്ച രണ്ട് കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒന്നാമതായി, സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. BAC-യുടെ മുമ്പാകെ വരുമ്പോൾ പഴയ ബജറ്റ് അവതരണം പൂർണ്ണമാകുകയും അംഗീകരിച്ച് കഴിഞ്ഞതുമാണ്. അതുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചയ്ക്കായി വീണ്ടും സബ്ജക്ട് കമ്മിറ്റിയിലേക്ക് പോകേണ്ടതുണ്ടോ എന്നതായിരുന്നു ഉന്നയിക്കപ്പെട്ട പ്രശ്നം. എന്നാൽ ഇതിൽ വലിയ മാറ്റങ്ങളില്ലാതെ വരുമെന്ന് പറഞ്ഞതിനാൽ അതിനോട് ഞങ്ങൾ യോജിച്ചുവെന്നത് ശരിയാണ്. അത്തരം ഒരു ഘട്ടത്തിൽ, ഇതുപോലെ സുപ്രധാനമായ കാര്യം ഒരു പ്രത്യേക രീതിയിലുള്ള ഒളിച്ചുകടത്തൽ പോലെ വരുന്നുണ്ടെന്നുള്ളത് നമ്മളാരും മനസ്സിലാക്കിയിട്ടില്ല. ഇക്കാര്യം മനസ്സിലായപ്പോഴാണ് അതിനോട് ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇവിടെ ഹോർട്ടിവൈൻ വ്യാപിപ്പിക്കുന്നതിനുള്ള ആലോചനകളുണ്ടായിരുന്നുവെന്നത് ശരിയാണ്. അതിന് സാധാരണ നികുതിയിലും കുറവ് വരുത്തണോ എന്ന കാര്യം ആലോചിച്ചിട്ടുമുണ്ടാകാം. എന്നാൽ അക്കാര്യത്തിൽ അവസാന തീരുമാനത്തിലേക്ക് എത്തിയിട്ടില്ല. പഴങ്ങളിൽനിന്നും ധാന്യങ്ങളിൽനിന്നും ഹോർട്ടിവൈൻ ഉണ്ടാക്കുന്ന കാര്യം മാത്രമാണ് ആലോചിച്ചിട്ടുള്ളത്. ഇത് നമ്മുടെ കർഷകർക്കും സഹകരണമേഖലയ്ക്കും ചെറുകിട വ്യവസായമേഖലയ്ക്കും ഉപകാരപ്രദമായ കാര്യമാണ്. ഏറ്റവും പ്രധാനം കർഷകർക്ക് ഉപകാരപ്രദമാകുന്നുവെന്നതാണ്. ഇതാണ് ഇപ്പോൾ അട്ടിമറിച്ച് രാജ്യത്തെ വലിയ മദ്യ കമ്പനികൾക്ക് ഇവിടെ ഇഷ്ടംപോലെ മദ്യം ഒഴുക്കാനുള്ള അവസരമൊരുക്കുന്നത്. 130 ശതമാനത്തിലധികം നികുതി കുറച്ചാണ് ഇത് കൊടുക്കാൻ പോകുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കടുംപിടിത്തത്തിലാണ് നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ഇതിനോട് ഒരുതരത്തിലും യോജിച്ചുപോകാൻ ഞങ്ങൾക്ക് സാധ്യമല്ല. ഈ നടപടിയോട് പൂർണ്ണവിയോജിപ്പാണ്, ഈ നടപടിക്രമങ്ങളോട് ഞങ്ങൾക്ക് യോജിപ്പില്ല. ഈ ഘട്ടത്തിൽ ഈ വിഷയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്.

(ബി.ജെ.പി. അംഗങ്ങൾ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)